ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:11-05.2025**

## പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ അതിർത്തി മേഖലകളിൽ സ്ഥിതി സാധാരണ നിലയിലേക്ക്. ശക്തമായ ജാഗ്രത തുടർന്ന് സൈന്യം.

2. പാകിസ്ഥാനുമായുള്ള വെടിനിർത്തൽ കരാറിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വസതിയിൽ ഉന്നതതല യോഗം ചേരുന്നു.

3. വിമാനത്താവളങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും സുരക്ഷാ പരിശോധനകൾ ശക്തമായി തുടരും; അതിർത്തി സംസ്ഥാനങ്ങളിൽ കുടുങ്ങിയ മലയാളി വിദ്യാർത്ഥികളെ തിരികെയെത്തിക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കി സംസ്ഥാന സർക്കാർ.

4. നിപ സ്ഥിരീകരിച്ച മലപ്പുറത്ത് കർശന പ്രതിരോധ നടപടികളുമായി ആരോഗ്യ വകുപ്പ്.

5. സപ്ലൈകോ സ്കൂൾ മാർക്കറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി.ആർ. അനിൽ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

RNU TVM

6. **സംസ്ഥാനത്ത് ഇത്തവണ തെക്കു-പടിഞ്ഞാറൻ മൺസൂൺ നേരത്തെ എത്തുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**

&&&&&&&&&&&&&&&&&&&&&&

## ഇന്ത്യ- പാക് വെടിനിർത്തൽ

ഇന്ത്യയുടെ അതിർത്തി മേഖലകളിൽ സ്ഥിതി സാധാരണ നിലയിലേക്ക്. ജമ്മു കശ്മീർ, പഞ്ചാബ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിലവിൽ ഡ്രോൺ - ഷെല്ലാക്രമങ്ങളോ, വെടിവയ്പ്പോ റിപ്പോർട്ട് ചെയ്തിട്ടില്ല. വെടിനിർത്തൽ കരാർ ലംഘനമുണ്ടായതിനെ തുടർന്ന് സൈന്യം കനത്ത ജാഗ്രതയിലാണ്. വെടിനിർത്തൽ ധാരണയിലെത്തിയതിന് മണിക്കൂറുകൾക്ക് ശേഷമാണ് പാകിസ്ഥാൻ സൈന്യം പ്രകോപനം ആരംഭിച്ചത്. ഇന്നലെ വൈകിട്ട് അഞ്ചുമുതലാണ് ഇന്ത്യയും പാകിസ്ഥാനും തമ്മിൽ വെടിനിർത്തൽ നിലവിൽ വന്നത്. ഉച്ചകഴിഞ്ഞ് 3.35 ന് പാകിസ്ഥാൻ സൈനിക ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ, ഇന്ത്യൻ ഡിജിഎംഒ യുമായി സംസാരിച്ചിരുന്നു. ഇരുപക്ഷവും കരയിലും വായുവിലും കടലിലുമുള്ള എല്ലാ വെടിവയ്പ്പുകളും സൈനിക നടപടികളും നിർത്താൻ ധാരണയായി. നാളെ ഡിജിഎംഒ തലത്തിൽ വീണ്ടും ചർച്ച നടക്കാനിരിക്കെയാണ് വെടിനിർത്തൽ ലംഘനമുണ്ടായത്. ലംഘനങ്ങളെ ഗൗരവത്തോടെ കാണുന്നതായും സ്ഥിതി ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യാൻ പാകിസ്ഥാനോട് ആവശ്യപ്പെട്ടതായും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്നലെ ന്യൂഡൽഹിയിൽ വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&&&&&

RNUTVPM

## പ്രധാനമന്ത്രി - യോഗം

പാകിസ്ഥാനുമായുള്ള വെടിനിർത്തൽ കരാറിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വസതിയിൽ ഉന്നതതല യോഗം ചേരുന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, മൂന്ന് സേനയുടെയും മേധാവികൾ, സംയുക്ത സൈനിക മേധാവി തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&&&&

## ആഭ്യന്തര സെക്രട്ടറി-ചർച്ച

പാകിസ്ഥാനുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരുമായി, കേന്ദ്ര അഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ ഇന്നലെ വീഡിയോ കോൺഫറൻസിങ്ങിലൂടെ ചർച്ച നടത്തി. ജാഗ്രത പുലർത്താനും, അതിർത്തിയിൽ വെടിവയ്പ്പ് ഉണ്ടാകുന്ന പക്ഷം, സിവിൽ പ്രതിരോധ സംവിധാനങ്ങൾ സജ്ജമാക്കാനും ചീഫ് സെക്രട്ടറിമാർക്ക് നിർദേശം നൽകി.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## ഇന്ത്യ - പാക് വ്യാജ സന്ദേശം

ഇന്ത്യ-പാകിസ്ഥാൻ സംഘർഷത്തിന്റെ യഥാർത്ഥ ദൃശ്യങ്ങളെന്ന വ്യാജേന നിരവധി ഗെയിമിംഗ് വീഡിയോകൾ പ്രചരിക്കുന്നതായി കേന്ദ്രസർക്കാർ. അത്തരം വ്യാജ സന്ദേശങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. സംഘർഷ സാധ്യത കണക്കിലെടുത്ത് രാജ്യരക്ഷാ മന്ത്രിയുടെ ഓഫിസ് സിവിൽ തയ്യാറെടുപ്പിനുള്ള നിർദ്ദേശങ്ങൾ നൽകുന്ന തരത്തിലുള്ള വാട്ട്സ്ആപ്പ് സന്ദേശവും വ്യാജമാണെന്ന് പി.ഐ.ബി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## സൈറൺ ശബ്ദം-സർക്കാർ നിർദ്ദേശം

സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ ഒഴികെയുള്ളവയിൽ സിവിൽ ഡിഫൻസ് എയർ റെയ്ഡ് സൈറൺ ശബ്ദം ഉപയോഗിക്കുന്നത് ഒഴിവാക്കാൻ എല്ലാ മാധ്യമങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകി. സൈറൺ സ്ഥിരമായി ഉപയോഗിക്കുന്നത് വ്യോമാക്രമണ സൈറണുകളോടുള്ള പൊതുജനകളുടെ പ്രതികരണം കുറയ്ക്കുമെന്നും യഥാർത്ഥ വ്യോമാക്രമണ സാഹചര്യങ്ങളിൽ ജനങ്ങൾക്ക് തെറ്റിദ്ധാരണക്ക് സാധ്യതയുണ്ടെന്നും ആഭ്യന്തര മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

## ഡൽഹി വിമാനത്താവളം

ഡൽഹി വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി തുടരുന്നതായും എന്നാൽ സുരക്ഷാ കാരണങ്ങൾ മുൻനിർത്തി വിമാന സമയങ്ങളിൽ മാറ്റങ്ങൾക്ക് സാധ്യതയുണ്ടെന്നും വിമാനത്താവള അധികൃതർ അറിയിച്ചു. യാത്രക്കാർ സുരക്ഷാ ഉദ്യോഗസ്ഥരുമായി സഹകരിക്കണമെന്നും വിമാന സമയം സംബന്ധിച്ച് എയർ ലൈൻ കമ്പനികളുമായി ബന്ധപ്പെടണമെന്നും നിർദേശമുണ്ട്. മുംബൈ ഛത്രപതി ശിവജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളവും യാത്രികർക്കായി മാർഗ നിർദേശങ്ങൾ പുറത്തിറക്കി.

&&&&&&&&&&&&&&&&&&&&&&

## റെയിൽവേ പോലീസ് സുരക്ഷ

അതിർത്തിയിലെ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും സുരക്ഷ ശക്തമാക്കി. റെയിൽവേ സ്റ്റേഷനുകൾ, പ്ലാറ്റ്ഫോമുകൾ, ട്രെയിനുകൾ, സ്റ്റേഷൻ യാർഡുകൾ എന്നിവിടങ്ങളിൽ സംശയാസ്പദമായ രീതിയിൽ വ്യക്തികളെയോ ഉപേക്ഷിച്ച നിലയിൽ ബാഗുകളോ കണ്ടാൽ

RNU TVPM

ഉടൻതന്നെ ബന്ധപ്പെട്ട കൺട്രോൾ റൂം നമ്പറിൽ അറിയിക്കണമെന്ന് റെയിൽവേ പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## മന്ത്രി ആർ.ബിന്ദു

പഞ്ചാബ് കേന്ദ്ര സർവ്വകലാശാലയിലെ മലയാളി വിദ്യാർത്ഥികൾക്ക് നാട്ടിലേയ്ക്ക് മടങ്ങാൻ സഹായം ആവശ്യപ്പെട്ട് സർവ്വകലാശാലാ വൈസ് ചാൻസലർക്കും കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയ്ക്കും മന്ത്രി ആർ ബിന്ദു കത്തയച്ചു. വിദ്യാർത്ഥികളെ സുരക്ഷിതരായി നാട്ടിലെത്തിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി പറഞ്ഞു. കേരള ഹൗസ് കേന്ദ്രീകരിച്ച് ആരംഭിച്ച ഹെൽപ്പ്ലൈൻ കേന്ദ്രവുമായി വിദ്യാർഥികൾക്ക് ബന്ധപ്പെടാമെന്നും മന്ത്രി അറിയിച്ചു. നോർക്കയുടെ നേതൃത്വത്തിലും വിദ്യാർത്ഥികളെ തിരികെയെത്തിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്.

&&&&&&&&&&&&&&&&&&&&&&

## വാർഷികാഘോഷ പരിപാടികൾ

വെടിനിർത്തൽ പ്രഖ്യാപിച്ചതിനെ തുടർന്ന് ഇന്ത്യ-പാകിസ്ഥാൻ സംഘർഷത്തിൽ അയവുവന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷ പരിപാടികൾ പുനരാരംഭിച്ചു. എന്റെ കേരളം പ്രദർശനവും അവലോകനയോഗങ്ങളും മറ്റന്നാൾ മുതൽ നിശ്ചയിച്ച പ്രകാരം നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന കോഴിക്കോട് ജില്ലാതല യോഗം മറ്റന്നാൾ രാവിലെ ചെറുവണ്ണൂരിൽ നടക്കും. 'എന്റെ കേരളം' പ്രദർശന-വിപണന മേളയോടനുബന്ധിച്ച് നടക്കുന്ന കലാപരിപാടികളുടെ ഭാഗമായി ഇന്ന് രാത്രി ഏഴിന് ഗായിക സിതാര കൃഷ്ണകുമാറും സംഘവും കോഴിക്കോട് ബീച്ചിൽ സംഗീത പരിപാടിയുമായി എത്തും.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## ദേശീയ സാങ്കേതിക ദിനം

ഇന്ന് ദേശീയ സാങ്കേതിക വിദ്യാ ദിനം. 1998-ൽ രാജസ്ഥാനിലെ പൊഖ്റാനിൽ ഇന്ത്യ വിജയകരമായി ആണവ പരീക്ഷണം നടത്തിയതിന്റെ ഓർമയ്ക്കായാണ് എല്ലാവർഷവും മെയ് 11 ദേശീയ സാങ്കേതിക ദിനമായി ആചരിക്കുന്നത്. ദൈനംദിന ജീവിതത്തിൽ സാങ്കേതികവിദ്യയുടെ പങ്ക് ഉയർത്തിക്കാട്ടുകയും ശാസ്ത്ര സാങ്കേതിക വിദ്യയിൽ യുവാക്കളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ലക്ഷ്യമിട്ടാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിച്ചതിലൂടെ രാഷ്ട്ര വികസനത്തിൽ സംഭാവന നൽകുന്ന ശാസ്ത്രജ്ഞരെയും എഞ്ചിനീയർമാരെയും സാങ്കേതിക വിദഗ്ധരെയും ഇന്ത്യ അഭിവാദ്യം ചെയ്യുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ദിനാചരണ സന്ദേശത്തിൽ പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&&&&&&&&&

## ഹജ്ജ് (ഇൻട്രോ)

170 തീർത്ഥാടകരുമായി കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഈ വർഷത്തെ ആദ്യ ഹജ്ജ് വിമാനം ജിദ്ദയിലെത്തി. ഇന്ന് രാത്രി 7.30 നും എയർ ഇന്ത്യ എക്സ്പ്രസ് വിമാനം ഹജ്ജ് യാത്രികരുമായി പുറപ്പെടുന്നുണ്ട്. 4,800 ലേറെ തീർത്ഥാടകരാണ് കണ്ണൂരിൽ നിന്ന് ഇത്തവണ ഹജ്ജ് യാത്ര നടത്തുന്നത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ......**

**( വോയിസ്.....)**

ഇന്നലെയാണ് സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേനയുള്ള ഹജ്ജ് തീർത്ഥാടന യാത്രക്ക് സംസ്ഥാനത്ത് തുടക്കമായത്. കരിപ്പൂരിൽ നിന്നായിരുന്നു ആദ്യ വിമാനം.

&&&&&&&&&&&&&&&&&&&&&&

## നിപ

നിപ സ്ഥിരീകരിച്ച മലപ്പുറത്ത് പ്രതിരോധ നടപടിയുടെ ഭാഗമായുള്ള പനി സർവേ പുരോഗമിക്കുന്നു. അതേസമയം നിപ ബാധിച്ച വളാഞ്ചേരി സ്വദേശിനിയുടെ ആരോഗ്യനില ഗുരുതരമായി തുടരുകയാണ്. സമ്പർക്കപ്പട്ടികയിലുൾപ്പെട്ട് ലക്ഷണങ്ങൾ പ്രകടിപ്പിച്ച അഞ്ചുപേരും ചികിത്സയിലാണ്.

&&&&&&&&&&&&&&&&&&&&&&

## ക്രൈസിസ് ഇന്റെർവെൻഷൻ സെന്റർ

ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ക്രൈസിസ് ഇന്റെർവെൻഷൻ സെന്റർ ആരംഭിക്കാനൊരുങ്ങി സംസ്ഥാന സാമൂഹ്യനീതി വകുപ്പ്. കേന്ദ്രത്തിന്റെ ഉദ്ഘാടനം മന്ത്രി ആർ.ബിന്ദു നാളെ എറണാകുളം കാക്കനാട് നിർവഹിക്കും. ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹ്യസുരക്ഷയും സംരക്ഷണവും മുൻനിർത്തി, മാനസിക പിന്തുണ നൽകാനും പ്രതിസന്ധികളിൽ പിന്തുണ ഉറപ്പാക്കാനുമായാണ് ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ക്രൈസിസ് ഇന്റർവെൻഷൻ സെൻ്റർ പ്രവർത്തന സജ്ജമാകുന്നതെന്ന് മന്ത്രി ആർ.ബിന്ദു പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## കെ.പി.സി.സി പ്രസിഡന്റ്

കെപിസിസി അധ്യക്ഷനായി സണ്ണി ജോസഫ് എംഎൽഎ നാളെ ചുമതലയേൽക്കും. തിരുവനന്തപുരത്ത് കെ പി സി സി ആസ്ഥാനത്ത് രാവിലെയാണ് ചടങ്ങ്. പ്രതിപക്ഷനേതാവ് വിഡി സതീശൻ, കോൺഗ്രസ് പ്രവർത്തക സമിതി അംഗങ്ങൾ, എഐസിസി ഭാരവാഹികൾ , മുൻ കെപിസിസി അധ്യക്ഷൻമാർ

തുടങ്ങിയവർ പങ്കെടുക്കും. കെപിസിസി വർക്കിംഗ് പ്രസിഡന്റുമാരായ പി.സി വിഷ്ണുനാഥ് എംഎൽഎ, എ.പി അനിൽകുമാർ എംഎൽഎ, ഷാഫി പറമ്പിൽ എംപി എന്നിവരും യുഡിഎഫ് കൺവീനർ അടൂർ പ്രകാശ് എംപിയും നാളെ ചുമതലയേൽക്കും.

&&&&&&&&&&&&&&&&&&&&&&&

## സപ്ലൈ കോ മാർക്കറ്റുകൾ

സപ്ലൈകോ സ്കൂൾ മാർക്കറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി.ആർ. അനിൽ നാളെ രാവിലെ തിരുവനന്തപുരത്ത് നിർവഹിക്കും. സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും തെരഞ്ഞെടുത്ത ഇടങ്ങൾ കേന്ദ്രീകരിച്ച് സ്കൂൾ മാർക്കറ്റുകൾ ആരംഭിക്കും. വിദ്യാർഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ 17 ശതമാനം വരെ വിലക്കുറവിൽ സ്കൂൾ മാർക്കറ്റുകളിൽ ലഭ്യമാകും.

&&&&&&&&&&&&&&&&&&&&&&&

## ചിത്ര പൗർണിമ ഉത്സവം

ഇടുക്കി ജില്ലയിലെ ചരിത്ര പ്രസിദ്ധമായ മംഗളാദേവി ക്ഷേത്രത്തിലെ ചിത്ര പൌർണ്ണമി ഉത്സവം നാളെ. ഉത്സവത്തിന്റെ മുന്നൊരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ ഭരണകൂടം അറിയിച്ചു. രാവിലെ 6 മുതലാണ് തീർത്ഥാടകർക്ക് ക്ഷേത്രത്തിലേക്ക് പ്രവേശനമുള്ളത്. വൈകുന്നേരം 5 മണിയോടെ ദർശനം പൂർത്തിയാക്കി മടങ്ങണം. നാളെ കരടിക്കവല മുതൽ മംഗളാദേവിവരെയുള്ള സ്ഥലങ്ങളിൽ ഗതാഗത നിയന്ത്രണത്തിനായി കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ആംബുലൻസ് സൗകര്യത്തോടുകൂടിയ നാല് മെഡിക്കൽ സംഘങ്ങളെ ആരോഗ്യവകുപ്പ് വിന്യസിച്ചു. മദ്യ നിരോധന മേഖലയായതിനാൽ എക്സൈസ് വകുപ്പിന്റെ പരിശോധനയും ശക്തമാക്കിയിട്ടുണ്ട്.

RNUTVPM

&&&&&&&&&&&&&&&&&&&&&&

## ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ ആഭരണം കാണാതായത് സംബന്ധിച്ച് പൊലീസ് അന്വേഷണം തുടരുന്നു. ലോക്കർ പൊളിച്ചിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. നിലവറകളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണവുമായി സംഭവത്തിന് ബന്ധമില്ലെന്ന് ഫോർട്ട് പൊലീസ് അറിയിച്ചു. ക്ഷേത്രഭരണസമിതിയുടെ ലോക്കറിൽ സൂക്ഷിച്ചിരുന്ന 13 പവൻ സ്വർണമാണ് കാണാതായത്. പഴയ സ്വർണത്തകിട് മാറ്റി പുതിയത് പൊതിയുന്ന ജോലികൾ നടക്കുന്നതിനിടയിലാണ് സ്വർണ ദണ്ഡുകളിലൊന്ന് കാണാതായത് ശ്രദ്ധയിൽപ്പെട്ടത്.

&&&&&&&&&&&&&&&&&&&&&&

## സ്വാതിതിരുനാൾ സംഗീതോത്സവം (ഇൻട്രോ)

RNUTVPM

സ്വാതി തിരുനാൾ സംഗീതോത്സവത്തിന്റെ ഭാഗമായി തിരുവനന്തപുരം ആകാശവാണി നിലയത്തിന്റെ നേതൃത്വത്തിൽ സംഗീതാർച്ചന സംഘടിപ്പിച്ചു. പ്രശസ്ത സംഗീതജ്ഞർ പരിപാടിയിൽ പങ്കെടുത്തു.

**വിശദാംശങ്ങളുമായി തിരുവനന്തപുരത്തു നിന്നും ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്.......**

**(വോയിസ്)**

&&&&&&&&&&&&&&&&&&&&&&

## ബി.സി.സി.ഐ-ഐ.പി.എൽ

ഇന്ത്യ - പാക് സംഘർഷത്തെ തുടർന്ന് താൽക്കാലികമായി നിർത്തിവച്ച ഐപിഎൽ മത്സരങ്ങൾ പുനഃരാരംഭിക്കുന്നത് സംബന്ധിച്ച് ഇന്ന് ചർച്ച നടത്തുമെന്ന് BCCI ഉപ അധ്യക്ഷൻ രാജീവ് ശുക്ല. വെള്ളിയാഴ്ചയാണ് IPL നിർത്തിവയ്ക്കാൻ BCCI

തീരുമാനിച്ചത്. രണ്ടു ലീഗ് മത്സരങ്ങൾ, നാലു പ്ലേ ഓഫ് മത്സരങ്ങൾ എന്നിവ ടൂർണമെന്റിന്റെ ഈ വർഷത്തെ പതിപ്പിൽ ഇനിയും ബാക്കിയുണ്ട്.

&&&&&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള മത്സരം പുരോഗമിക്കുന്നു. കൊളംബോയിൽ നടക്കുന്ന മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരെഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 37 ഓവറിൽ, 3 വിക്കറ്റ് നഷ്ടത്തിൽ 221 റൺസ് എടുത്തിട്ടുണ്ട്. ഇന്ത്യയ്ക്കായി സ്മൃതി മന്ദാന സെഞ്ച്വറി നേടി.

RNI TVPM

&&&&&&&&&&&&&&&&&&&&&&

## ഖേലോ ഇന്ത്യ

ബിഹാറിൽ നടക്കുന്ന ഖേലോ ഇന്ത്യ യൂത് ഗെയിംസിൽ മഹാരാഷ്ട്രയുടെ കുതിപ്പ് തുടരുന്നു. 27 സ്വർണം അടക്കം 74 മെഡലുകളാണ് മഹാരാഷ്ട്ര ഇതുവരെ നേടിയത്. പട്ടികയിൽ രണ്ടാമതുള്ള കർണാടകയ്ക്ക് 14 സ്വർണം മാത്രമാണുള്ളത്. ഈ മാസം 15 വരെയാണ് കായിക മേള നടക്കുക.

&&&&&&&&&&&&&&&&&&&&&&

## എലൈറ്റ് കേരള പ്രീമിയർ ലീഗ്

എലൈറ്റ് കേരള പ്രീമിയർ ലീഗ് ഫുട്ബോൾ ഫൈനലിൽ കേരള പോലീസും മുത്തൂറ്റ് ഫുട്ബോൾ അക്കാദമിയും ഇന്ന് ഏറ്റുമുട്ടും. കോഴിക്കോട് ഇ.എം.എസ് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഐ.എം.വിജയൻ, സി.വി.പാപ്പച്ചൻ, കെ.ടി.ചാക്കോ തുടങ്ങിയവർ ഫൈനൽ ദിനത്തിൽ വിശിഷ്ടാതിഥികളായി എത്തും.

&&&&&&&&&&&&&&&&&&&&&&

## മൺസൂൺ

സംസ്ഥാനത്ത് ഇത്തവണ തെക്കു-പടിഞ്ഞാറൻ മൺസൂൺ നേരത്തെ എത്തുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പ്രതീക്ഷിച്ചതിനും അഞ്ചു ദിവസം മുൻപ്, ഈ മാസം 27 നു മൺസൂൺ തീരം തൊടുമെന്നാണ് സൂചന. ഇത്തവണത്തെ മൺസൂണിൽ സാധാരണയിൽ കൂടുതൽ മഴ ലഭിക്കുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. എന്നാൽ ഒരു ജില്ലകളിലും പ്രത്യേക ജാഗ്രതാ മുന്നറിയിപ്പ് പുറപ്പെടുവിച്ചിട്ടില്ല. കാലവർഷം എത്തുന്നതിന് മുന്നോടിയായി വരും ദിവസങ്ങളിൽ വേനൽമഴ ശക്തമാകാൻ സാധ്യതയുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## ഇടുക്കി (ഇൻട്രോ)

സഞ്ചാരികളെ ആകർഷിച്ച് ഇടുക്കിയിലെ തേയില തോട്ടങ്ങൾക്കിടയിൽ ഗുൽമോഹർ എന്ന ചുവന്ന വാക മരങ്ങൾ പൂവിട്ടു. മൂന്നാർ വാകവരെ എസ്റ്റേറ്റിലും ലക്കം വെള്ളച്ചാട്ടത്തിന് സമീപം ചട്ടമൂന്നാർ ഭാഗത്തുമുള്ള തേയില തോട്ടങ്ങളിൽ ചുവന്ന പൂക്കളോട് കൂടിയ വാക മരങ്ങൾ വ്യാപകമായുണ്ട്. **ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.......**

(വോയിസ്)

&&&&&&&&&&&&&&&&&&&&&&

## സ്വർണ വില

സ്വർണവിലയിൽ മാറ്റമില്ല. ഗ്രാമിന് 9,045 രൂപയും, പവന് 72,360 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&

## ഇടുക്കി - പൊള്ളലേറ്റ് മരണം

ഇടുക്കി കൊന്നത്തടിയിൽ വീടിന് തീ പിടിച്ച് രണ്ടു കുട്ടികൾ ഉൾപ്പെടെ നാലംഗ കുടുംബം മരിച്ച സംഭവത്തിൽ പരിശോധനകൾ തുടരുന്നു. ഇന്നലെ വൈകിട്ടാണ് വീട് കത്തി നശിച്ചതായി നാട്ടുകാർ കണ്ടെത്തുന്നത്. കൂടുതൽ പരിശോധനക്കുശേഷം മാത്രമേ തീപിടുത്തത്തിന്റെ കാരണം കണ്ടെത്താനാകൂ എന്ന് പോലീസ് അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&&&&&

## പി.കെ.പി വിശ്വനാഥ പണിക്കർ

കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച ക്യാപ്റ്റൻ വിക്രമിൻ്റെ പിതാവ് റിട്ട ലഫ്. കേണൽ പി.കെ.പി.വിശ്വനാഥ പണിക്കർ കോഴിക്കോട് അന്തരിച്ചു. 82 വയസായിരുന്നു. 1965, 1971 യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. സംസ്കാരം ഇന്ന് രാത്രി ഏഴിന് മാന്നാരി ശ്മശാനത്തിൽ നടക്കും.

&&&&&&&&&&&&&&&&&&&&&&

## ഷോക്കേറ്റു- ആന ചരിഞ്ഞു

പത്തനംതിട്ട കോന്നിയിൽ ഷോക്കേറ്റ കാട്ടാന ചരിഞ്ഞു. കൊന്നി കുളത്തുമൺ ക്ഷേത്രത്തിന് സമീപം കൃഷിസ്ഥലത്തിനു സമീപം സ്ഥാപിച്ചിരുന്ന വേലിയിൽ നിന്നാണ്

ഏതാണ്ട് 20 വയസ്സ് പ്രായമുള്ള കൊമ്പനാനയ്ക്ക് ഷോക്കേറ്റത്. സംഭവത്തിൽ വനം വകുപ്പ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&

RNU TVPM